**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ദേശീയ സമ്പാദ്യ പദ്ധതി - എം.പി..കെ.ബി.വൈ/ എസ്.എ.എസ് ഏജൻറുമാർക്കുളള ഇൻഷ്വറൻസ് കവറേജ് - പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ധനകാര്യ (ഭരണം-എ) വകുപ്പ്

സ.ഉ (സാധാ) നം.7422 /2012/ധന. തീയതി, തിരുവനന്തപുരം, 10.08.2012

പരാമർശം: - 1. G.O(Rt)No. 5308/2000/ധന തീയതി 19.09.2000
2. സ.ഉ(സാധാ)നം. 6066/2011/ധന തീയതി 5.08.2011

ഉത്തരവ്

ദേശീയ സമ്പാദ്യ പദ്ധതി എം.പി..കെ.ബി.വൈ/ എസ്.എ.എസ് ഏജൻറുമാർക്ക് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 01.09.2000 മുതൽ ഇൻഷ്വറൻസ് പരിരക്ഷ പുതുക്കി നൽകിവരുന്നുണ്ട്. ഇൻഷ്വറൻസ് ആനുകൂല്യം തുടർന്ന് ലഭിക്കുന്നതിന് വർഷം തോറും ഈ ഇൻഷ്വറൻസ് പരിരക്ഷ പുതുക്കി ഉത്തരവാകണം. ഏറ്റവും ഒടുവിലായി പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം 01.09.2011 മുതൽ 31.08.2012 വരെ ഇൻഷ്വറൻസ് പരിരക്ഷ ദീർഘിപ്പിച്ചിട്ടുണ്ട്. 01.09.2012 മുതൽ 31.08.2013 വരെ ഒരു വർഷത്തേയ്ക്ക് കൂടി പരാമർശം (1) പ്രകാരമുളള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തന്നെ ഇൻഷ്വറൻസ് പരിരക്ഷ ദീർഘിപ്പിച്ചു നൽകുന്നതിന് ദേശീയസമ്പാദ്യ പദ്ധതി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എം.പി..കെ.ബി.വൈ/ എസ്.എ.എസ് ഏജൻറുമാർക്കുളള ഇൻഷ്വറൻസ് കവറേജ് പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പു മുഖാന്തിരം 01.09.2012 മുതൽ 31.08.2013 വരെ പരാമർശം (2) ലെ സർക്കാർ ഉത്തരവു പ്രകാരമുളള വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് കൂടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

ഈ പദ്ധതിയിൽ ചേരാത്ത ഏജൻറുമാർക്ക് ബോണസ്, അലവൻസ് / പ്രതിഫലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഗവർണറുടെ ഉത്തരവിൻപ്രകാരം

എസ്. ശ്രീകുമാർ

ജോയിൻറ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കെ.എസ്.ഐ.ഡി, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ അഡീഷണൽ/ഡെപ്യൂട്ടി/അസിസ്റ്റൻറ് ഡയറക്ടർ ദേശീയ സമ്പാദ്യ പദ്ധതി
എല്ലാ ബി.ഡി.ഒ മാർക്കും
ദേശീയ സമ്പാദ്യ പദ്ധതി -എ1/എ.ഡബ്ള്യു.എസ്/ആഡിറ്റ് വിഭാഗങ്ങൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.